"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശസ്വയംഭരണ വകുപ്പ് - കേരള മുനിസിപ്പൽ കോമൺ സർവ്വീസ് - ജീവനക്കാര്യം - കൊച്ചി കോർപ്പറേഷനിൽ പബ്ലിക് ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് 2 തസ്തികയിൽ സേവനമനുഷ്ഠിക്കുന്ന ശ്രീ. രാജേഷ് കുമാർ .സി ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ മുമ്പാകെ ഫയൽ ചെയ്ത OA(EKM)1479/2025 നമ്പർ കേസിലെ 29.09.2025 തീയതിയിലെ ഉത്തരവ് - നടപ്പിലാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ(ഇയു) വകുപ്പ്**

സ.ഉ.(സാധാ) നം.384/2026/LSGD തീയതി,തിരുവനന്തപുരം, 13-02-2026

---

പരാമർശം:-

1. തദ്ദേശസ്വയംഭരണ ജോയിന്റ് ഡയറക്ടറുടെ 12.09.2025 തീയതിയിലെ LSGD/JD/EKM/2386/2025-A4-Part(1) നമ്പർ ഉത്തരവ്. (അനക്ഷർ എ 6)
2. കൊച്ചി കോർപ്പറേഷനിൽ പബ്ലിക് ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് 2 തസ്തികയിൽ സേവനമനുഷ്ഠിക്കുന്ന ശ്രീ. രാജേഷ് കുമാർ .സി സമർപ്പിച്ച 19.09.2025 തീയതിയിലെ നിവേദനം (അനക്ഷർ എ 9)
3. ശ്രീ. രാജേഷ്കുമാർ.സി ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ മുമ്പാകെ ഫയൽ ചെയ്ത OA(EKM)1479/2025 നമ്പർ കേസിലെ 29.09.2025 തീയതിയിലെ ഉത്തരവ്
4. തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 11.12.2025 തീയതിയിലെ LSGD/PD/31513/2025-DEB5 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

പരാമർശം 1 പ്രകാരം പെരുമ്പാവൂരിലേക്ക് സ്ഥലംമാറ്റം നൽകിയ തദ്ദേശസ്വയംഭരണ ജോയിന്റ് ഡയറക്ടറുടെ ഉത്തരവിനെതിരെ കൊച്ചി കോർപ്പറേഷനിൽ പബ്ലിക് ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് 2 തസ്തികയിൽ സേവനമനുഷ്ഠിക്കുന്ന ശ്രീ. രാജേഷ് കുമാർ .സി സർക്കാരിൽ പരാമർശം 2 പ്രകാരം അപ്പീൽ അപേക്ഷ സമർപ്പിച്ചിരുന്നു. ഇതേ ആവശ്യവുമായി ടിയാൾ ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ മുമ്പാകെ ഫയൽ ചെയ്ത OA(EKM)1479/2025 നമ്പർ കേസിലെ 29.09.2025 തീയതിയിലെ പരാമർശം (3) ഉത്തരവ് പ്രകാരം ശ്രീ രാജേഷ് കുമാർ സി സർക്കാരിലേക്ക് സമർപ്പിച്ച Annexure A9 അപ്പീൽ പരിഗണിച്ച്, അന്തിമ വിധിയുടെ പകർപ്പ് ലഭിച്ച തീയതി മുതൽ ഒരു മാസത്തിനുള്ളിൽ

ഉചിതമായ ഉത്തരവുകൾ നൽകുന്നതിന് രണ്ടാം എതിർകക്ഷിയായ സർക്കാരിനോട് നിർദ്ദേശിച്ചിരുന്നു.

2. ശ്രീ. രാജേഷ് കുമാർ .സി സമർപ്പിച്ച അപേക്ഷ പ്രകാരം താൻ കൊച്ചി കോർപ്പറേഷനിൽ 2020 ഏപ്രിൽ മാസം 15-ാം തീയതി മുതൽ SC കാറ്റഗറിയിൽ ജോലി ലഭിച്ച് തുടർന്ന് പോരുന്നതും 2024-ൽ ജനറൽ ട്രാൻസ്ഫർ സമയത്ത് തൃക്കാക്കര നഗരസഭയിലേക്ക് സ്ഥലം മാറ്റം ലഭിച്ചതുമാണ് എന്നും എന്നാൽ കൊച്ചി കോർപ്പറേഷനിൽ നിന്നും റിലീവിംഗ് ഓർഡർ ലഭിക്കാത്തതിനാൽ തൃക്കാക്കരയിൽ സ്ഥലം മാറ്റം ലഭിക്കാതെ പോകുകയും ചെയ്തതായി അറിയിക്കുന്നു. കൊച്ചി കോർപ്പറേഷനിൽ നിന്നും റിലീവിംഗ് ഓർഡർ നൽകാം എന്ന് പറഞ്ഞതിനാൽ 2025 ഏപ്രിൽ മാസം വന്ന ജനറൽ ട്രാൻസ്ഫറിൽ ഓപ്ഷൻ നൽകാത്തതിനാൽ പെരുമ്പാവൂരിലേക്ക് ട്രാൻസ്ഫർ നൽകിയതായും SC കാറ്റഗറിയിൽ ജോലി നേടിയ തനിയ്ക്ക് 5 വർഷം വരെ കൊച്ചി കോർപ്പറേഷനിൽ തുടരുന്നതിന് തടസ്സം ഇല്ലായെന്നിരിക്കെ കൊച്ചി കോർപ്പറേഷനിൽ നിലനിർത്തുകയോ തൃക്കാക്കരക്ക് സ്ഥലം മാറ്റം നൽകുകയോ ചെയ്യുന്നതിന് ടിയാൻ അപേക്ഷിക്കുകയുണ്ടായി.

3. പ്രിൻസിപ്പൽ ഡയറക്ടറുടെ ഇക്കാര്യത്തിലുള്ള പരാമർശം 4 റിപ്പോർട്ട് പ്രകാരം കൊച്ചി നഗരസഭയിൽ പബ്ലിക് ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് II തസ്തികയിൽ സേവനമനുഷ്ഠിക്കുന്ന ശ്രീ രാജേഷ് കുമാർ സി, 2024 വർഷത്തിൽ പൊതു സ്ഥലംമാറ്റത്തിന് അപേക്ഷ നൽകിയതിനെ തുടർന്ന് തൃക്കാക്കര മുൻസിപ്പാലിറ്റിയിലേക്ക് സ്ഥലംമാറ്റം ലഭിച്ചിരുന്നതാണ്. പ്രസ്തുത കാലയളവിൽ ടിയാൻ ബ്രഹ്മപുരം പ്ലാന്റിന്റെ ചുമതലയുള്ള ഹെൽത്ത് ഇൻസ്പെക്ടർ ആയിരുന്നതിനാലും പ്ലാൻറിന് തീപിടിച്ചതിനെ തുടർന്നുള്ള പുനക്രമീകരണ പ്രവർത്തനങ്ങൾക്കായി നഗരസഭയുടെ തനത് ഫണ്ടിൽ നിന്നും വലിയ തുക അഡ്വാൻസ് ആയി കൈപ്പറ്റിയിട്ടുള്ളതുമാണ്. അവസാന ഘട്ടം ടിയാൻ കൈപ്പറ്റിയ തുകയായ 50,00,000(അമ്പതുലക്ഷം) രൂപയുടെ അഡ്വാൻസ് തുക കൃത്യമായി സെറ്റിൽമെന്റ് നടത്തി രേഖകൾ യഥാസമയം ഹാജരാക്കാത്തതിനാൽ ടിയാനെ നഗരസഭയിൽ നിന്നും വിടുതൽ ചെയ്യാൻ സാധിച്ചിരുന്നില്ല.

4. ശ്രീ രാജേഷ് കുമാർ സി എന്നവർ 15/04/2020 മുതൽ കൊച്ചി നഗരസഭയിൽ സേവനമനുഷ്ഠിച്ചു വരികയാണ്. പൊതുസ്ഥലംമാറ്റ മാനദണ്ഡങ്ങളും മാർഗ്ഗ നിർദ്ദേശങ്ങളും സംബന്ധിച്ച ഉത്തരവിലെ ഖണ്ഡിക 2(ബി) പ്രകാരം ഒരു ഓഫീസിൽ നിലവിലെ കാറ്റഗറി/തസ്തികയിൽ അതത് വർഷം മാർച്ച് 31 ന് മൂന്ന് വർഷത്തെ സേവനം പൂർത്തിയാക്കിയിട്ടുള്ള ജീവനക്കാരെ നിർബന്ധമായും സ്ഥലംമാറ്റേണ്ടതാണ്. ഒരു ഓഫീസിൽ നിലവിലെ കാറ്റഗറി/തസ്തികയിൽ മൂന്ന് വർഷം പൂർത്തിയാക്കിയ ജീവനക്കാർ സ്ഥലം മാറ്റത്തിന് അപേക്ഷിക്കേണ്ടതാണ്. അല്ലാത്തപക്ഷം പൊതു സ്ഥലംമാറ്റത്തിൽ സ്ഥലംമാറ്റത്തിനായി അപേക്ഷിച്ചിട്ടുള്ളവരെ പരിഗണിച്ചതിന് ശേഷമുള്ള ഒഴിവുകളിലേക്ക് മാത്രമേ ടിയാളുകളെ പരിഗണിക്കുകയുള്ളു എന്ന് വ്യക്തമാക്കിയിട്ടുള്ളതാണ്. ശ്രീ രാജേഷ് കുമാർ സി, പൊതുസ്ഥലംമാറ്റത്തിന് 2025 വർഷം അപേക്ഷ സമർപ്പിക്കാത്തതിനാലും കൊച്ചി നഗരസഭയിൽ 3 വർഷം പൂർത്തിയാക്കിയതിനാലുമാണ് പെരുമ്പാവൂർ നഗരസഭയിലേക്ക് സ്ഥലം മാറ്റപ്പെട്ടിട്ടുള്ളത് എന്ന് ജില്ലാ ജോയിന്റ് ഡയറക്ടർ റിപ്പോർട്ട് ലഭ്യമാക്കിയിട്ടുണ്ട്. മേൽ റിപ്പോർട്ടിന്റെയും പൊതുസ്ഥലംമാറ്റ മാനദണ്ഡങ്ങളും മാർഗ്ഗ നിർദ്ദേശങ്ങളും പുറപ്പെടുവിച്ച 16.03.2024 തീയതിയിലെ സർക്കാർ ഉത്തരവ് പ്രകാരവും, ടിയാൻ കൊച്ചി നഗരസഭയിൽ മൂന്ന് വർഷം പൂർത്തിയാക്കിയ സാഹചര്യത്തിൽ ടിയാന്റെ അപേക്ഷയിലെ ആവശ്യപ്രകാരം കൊച്ചി നഗരസഭയിൽ നിയമപരമായി നിലനിർത്തുവാൻ സാധിക്കുകയില്ല. കൂടാതെ തൃക്കാക്കര

നഗരസഭയിൽ പബ്ലിക് ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് 2 തസ്തികയിൽ ഒഴിവുകൾ നിലവിലില്ല എന്നുള്ള വിവരവും പ്രിൻസിപ്പൽ ഡയറക്ടർ റിപ്പോർട്ട് ചെയ്യുകയുണ്ടായി.

5. സർക്കാർ ഇക്കാര്യം ശ്രീ. രാജേഷ് കുമാർ. സി സമർപ്പിച്ച അപേക്ഷയുടേയും പ്രിൻസിപ്പൽ ഡയറക്ടറുടെ റിപ്പോർട്ടിന്റേയും അടിസ്ഥാനത്തിൽ വിശദമായി പരിശോധിച്ചു. 2024 വർഷത്തെ ജനറൽ ട്രാൻസ്ഫറിൽ, ശ്രീ രാജേഷ് കുമാർ സി-ക്ക് തൃക്കാക്കര മുൻസിപ്പാലിറ്റിയിലേക്ക് സ്ഥലംമാറ്റം ലഭിച്ചിരുന്നെങ്കിലും പ്രസ്തുത കാലയളവിൽ ടിയാൻ ബ്രഹ്മപുരം പ്ലാന്റിന്റെ ചുമതലയുള്ള ഹെൽത്ത് ഇൻസ്പെക്ടർ ആയിരുന്നതിനാലും പ്ലാൻറിന് തീപിടിച്ചതിനെ തുടർന്നുള്ള പുനക്രമീകരണ പ്രവർത്തനങ്ങൾക്കായി നഗരസഭയുടെ തനത് ഫണ്ടിൽ നിന്നും കൈപ്പറ്റിയിട്ടുള്ള അഡ്വാൻസ് തുകയായ ₹50,00,000/-(അമ്പതുലക്ഷം രൂപ) യുടെ കൃത്യമായി സെറ്റിൽമെന്റ് നടത്തി രേഖകൾ യഥാസമയം ഹാജരാക്കാത്തതിനാലുമാണ് ടിയാനെ നഗരസഭയിൽ നിന്നും വിടുതൽ ചെയ്യാൻ സാധിക്കാതിരുന്നത്. ടിയാൾ 2025 ൽ ജനറൽ ട്രാൻസ്ഫറിൽ അപേക്ഷ സമർപ്പിക്കാതിരുന്നതിനാലും, കൊച്ചി കോർപ്പറേഷനിൽ ടിയാൾ 3 വർഷസേവനം പൂർത്തിയാക്കിയിരുന്നതിനാലുമാണ് ടിയാൾക്ക് പെരുമ്പാവൂർ നഗരസഭയിലേക്ക് നിർബന്ധിത ട്രാൻസ്ഫർ ലഭിച്ചിട്ടുള്ളത്. കൂടാതെ നിലവിൽ തൃക്കാക്കര നഗരസഭയിൽ ഒഴിവുകൾ ഇല്ലാത്തതുമാണ്.

6. മേൽ സാഹചര്യത്തിൽ തദ്ദേശസ്വയംഭരണ ജോയിന്റ് ഡയറക്ടറുടെ Annexure A6 ട്രാൻസ്ഫർ ഉത്തരവിനെതിരെ കൊച്ചി കോർപ്പറേഷനിൽ പബ്ലിക് ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് 2 തസ്തികയിൽ സേവനമനുഷ്ഠിക്കുന്ന ശ്രീ രാജേഷ് കുമാർ സി സർക്കാരിൽ സമർപ്പിച്ച Annexure A9 അപ്പിൽ പരിഗണിക്കാനാകുന്നതല്ലായെന്ന് കണ്ട് നിരസിച്ച് തീർപ്പാക്കി ഉത്തരവാകുന്നു.

7. മേൽ പ്രകാരം ബഹു കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ OA(EKM) 1479/2025 നമ്പർ കേസിലെ 29.09.2025 തീയതിയിലെ ഉത്തരവ് നടപ്പാക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
LALI K
ജോയിന്റ് സെക്രട്ടറി

തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ, തിരുവനന്തപുരം
അഡ്വക്കേറ്റ് ജനറൽ, കേരളം, എറണാകുളം
ശ്രീ രാജേഷ് കുമാർ സി, പബ്ലിക് ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് 2, കൊച്ചി കോർപ്പറേഷൻ (പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)
ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം
Signed by
Sonu Jacob
Date: 13-02-2026 17:12:33
സെക്ഷൻ ഓഫീസർ